# പള്ളികഥകൾ

## മിനികഥകൾ     അറുപത്

ജോയിക്കുട്ടി, ഡിട്രോയിറ്റ്

ജോസഫ് അച്ചൻ ഇതിനോടകം അൻപത്തി ഒൻപതു കഥ പറഞ്ഞു കഴിഞ്ഞു എന്നതും കൂടാതെ ഇത് അറുപതാമത്തെ കഥയാണ് പറയാൻ പോകുന്നതെന്നും അറിഞ്ഞപ്പോൾ വളരെ സന്തോഷവാനായി. ഇപ്പോൾ പറയാൻ പോകുന്നത് അമേരിക്കയിൽ നടന്ന കാര്യമാണ്. അച്ചന്റെ വളരെ അടുത്ത സുഹൃത്തായ കോശിയച്ചന്റെ ഇടവകയിൽ നടന്ന കഥയാണ്. അദ്ദേഹത്തിന്റെ ഭാര്യയും മക്കളുമെല്ലാം കേരളത്തിലാണ്. അദ്ദേഹം റിലിജിയസ് വിസായിൽ വന്നതാണ്. മൂന്നു വർഷത്തെ വികാരി ജോലിക്കു ശേഷം നാട്ടിലേക്ക് മടങ്ങാൻ താല്പര്യപ്പെട്ടിരിക്കയാണ്. അദ്ദേഹത്തിന്റെ ഭാര്യ കേരളത്തിൽ ഹൈസ്ക്കൂൾ ഹെഡ്മിസ്ട്രസാണ്. മക്കളും പ്രായമുള്ളവരാണ്. അദ്ദേഹത്തിനും അറുപതിനു മേൽ പ്രായമുണ്ട്. ഓരോ വർഷത്തിലൊരിക്കൽ അദ്ദേഹം കേരളത്തിൽ ഒരു മാസം അവധിക്കു പോയി വരും. പള്ളിയുടെ തൊട്ടു മുമ്പിലുള്ള പാഴ്സണേജിലാണ് അദ്ദേഹം താമസം. ഭക്ഷണമെല്ലാം ഇടവകകാർ അദ്ദേഹത്തിന് കൊണ്ടു കൊടുക്കും. ഏകദേശം എൺപതിനു മേൽ കുടുംബഗങ്ങൾ ഉള്ള അമേരിക്കയിലെ ഒരു വലിയ ഇടവകയാണ്. ഓരോ എടവകക്കാരോടും അദ്ദേഹം വളരെ തന്മയത്വമായി പെരുമാറി അവരുടെയെല്ലാം പ്രീതി വാങ്ങിച്ച് കഴിയുന്ന ഒരു നല്ല അച്ചനാണദ്ദേഹം. എന്നാൽ എപ്പോഴെങ്കിലും എന്തെങ്കിലും പ്രശ്നങ്ങളുണ്ടായാൽ അന്നേരമദ്ദേഹം അത് നമ്മുടെ ജോസഫച്ചനോട് പറഞ്ഞ് വളരെ ആലോചിച്ച് പരിഹാരമുണ്ടാക്കുകയാണ് പതിവ്.

# പരാതി

"അച്ചോ എന്തുമാത്രം മനസമാധാനത്തോടെ പള്ളിയിൽ വന്നാൽ മടങ്ങി പോകുമ്പോൾ സന്താപത്തോടെയാണച്ചോ പോകാറുള്ളത്. ഞങ്ങളുടെ ശത്രു കോരതിന്റെ മകനും അവന്റെ കൂട്ടുകാരും ഈ പള്ളിയിൽ കപ്യാരായിട്ടുള്ളപ്പോൾ ഒരിക്കലും മനസ്സമാധാനമായിട്ട് എനിക്ക് പോകാൻ പറ്റത്തില്ല."

ആ ഇടവക പള്ളിയിൽ ഏകദേശം വളരെ പ്രായമുള്ള ഒരമ്മച്ചിയുടേതാണ് പരാതി. ഏകദേശം എഴുപതിനു മേൽ പ്രായമുള്ള മറിയാമ്മയാണ് പരാതിക്കാരി. നാല്പതു വർഷത്തിനു മേൽ ആയി അവർ അമേരിക്കയിൽ വന്നിട്ട്. അത്രയും കാലം ഈ പള്ളിയിലെ മെമ്പറുമാണ്.

നേഴ്സാണ്. ഇപ്പോഴും അവർ ജോലി ചെയ്യുന്നുണ്ട്. അവർ ഇവിടെ വന്നതിനു ശേഷം നാട്ടിൽ പോയി ഒരു എഞ്ചനീയറെ വിവാഹം കഴിച്ച് അദ്ദേഹവും ഇപ്പോഴും അവിടെ ജോലി ചെയ്യുന്നുണ്ട്. ജോസിന് മറിയാമ്മയെക്കാൾ നാലഞ്ചു വയസ്സ് പ്രായക്കുറവുണ്ടെന്നാണ് ശ്രുതി. എന്തായാലും അയാൾ വളരെ നല്ല ഒരാളാണ്. ഇടവകയിലെ എല്ലാവരുടേയും ഭാഷയിൽ വളരെ ഡീസന്റാണ് എഞ്ചിനീയർ ജോസ്. പള്ളിക്ക് എപ്പോഴും ധാരാളമായി കൈയയച്ച് പണം കൊടുക്കും. എപ്പോഴും ചിരിച്ചുകൊണ്ടിരിക്കുന്ന ജോസ് ആരോടും ഇതുവരെ ദേഷ്യപ്പെട്ട് ആരും കണ്ടിട്ടില്ല. പള്ളിപൊതുയോഗത്തിലും അയാൾ ഒരക്ഷരം സംസാരിക്കത്തില്ല. തന്മൂലം എല്ലാവർക്കും അയാളെ വളരെ കാര്യമാണ്. എന്നാൽ ഭാര്യ അങ്ങിനെയല്ല; വായിൽ തോന്നുന്നതെല്ലാം വിളിച്ചു പറയും. ആവശ്യമായും അനാവശ്യമായും മറിയാമ്മ വളരെ സംസാരിക്കും. തന്മൂലം അവർക്കു ചുറ്റിനും എപ്പോഴും ശത്രുക്കളാണ്. കൂടാതെ ആരെകണ്ടാലും അവരെല്ലാം ശത്രുക്കളാണെന്നാണ് അവരുടെ വിചാരം. ശരിയായാലും തെറ്റായാലും അവരുപറയുന്നതു പോലെ എല്ലാവരും ചെയ്യണം. ഇങ്ങിനെയെല്ലാമുള്ള കാരണങ്ങളാൽ മരുമക്കൾ രണ്ടു പേരുമായി യോജിച്ചു പോകാൻ വയ്യാത്ത കാരണം ആ രണ്ടു മക്കളും കുടുംബവും വളരെ ദൂരെ മാറിയാണ് താമസിക്കുന്നത്.

അവരുടെമക്കൾ രണ്ടും ഡോക്ടേഴ്സാണ്. അവരുടെ ഭാര്യമാരും ഡോക്ടേഴ്സാണ്. മക്കൾക്ക് രണ്ടു പേർക്കും ദൂരെയുള്ള സ്ഥലങ്ങളിലെ ആശുപത്രികളിലാണ് ജോലി കിട്ടിയതെന്ന് കാരണം പറഞ്ഞാണ് അവർ മാറിപോയത്. യഥാർത്ഥത്തിൽ മറിയാമ്മയും മരുമക്കളുമായി യോജിക്കത്തില്ലന്നതാണ് കാരണം.

ഇങ്ങിനെയെല്ലാമാണ് കാര്യങ്ങളെങ്കിലും മറിയാമ്മ വളരെ നല്ല സ്ത്രീയാണ്. സമയം കിട്ടുമ്പോഴെല്ലാം അവർ നല്ല രുചിയായിട്ടുള്ള മീൻ കറിവെച്ചതും ആട്ടിറച്ചിയും മാട്ടിറച്ചിയും കറിവെച്ചത് വളരെയധികമായി നമ്മുടെ കോശിയച്ചന് കൊണ്ടുപോയി കൊടുക്കും. കൂടാതെ ബിരിയാണി ഉണ്ടാക്കിയും പായിസം ഉണ്ടാക്കിയും കൊണ്ടു കൊടുക്കും. യാതൊരു കാര്യലാഭത്തിനുമല്ല അവർ ഇങ്ങിനെയെല്ലാം ചെയ്യുന്നത്. ഭാര്യയും മക്കളുമൊന്നും കൂടെയില്ലാതെ തനിയെ താമസിക്കുന്ന അച്ചനോടുള്ള സ്നേഹം മാത്രമാണ് കാര്യം. കോശിയച്ചൻ നാട്ടിൽ പോകുമ്പോൾ അച്ചന്റെ വിമാന ടിക്കറ്റും മറിയാമ്മയാണ് വാങ്ങിച്ചുകൊടുക്കുന്നത്. അപ്പോൾ അവരോട് സ്വാഭാവീകമായി അച്ചന് കടപ്പാട് ഉണ്ടാകുമല്ലോ. അങ്ങിനെയുള്ള മറിയാമ്മയാണ് ഇപ്പോൾ പരാതിയുമായി വന്നിരിക്കുന്നത്:

"എന്റെ അച്ചാ, ആ പിഴച്ച ചെറുക്കൻ ധൂപകുറ്റി വീശി എന്റെ യടുത്തു കൂടെ പോകുമ്പോൾ അവൻ മനപ്പൂർവ്വം എന്റെ നേരേ വീശാതെ എതിർ വശത്തുള്ള ആണുങ്ങളുടെ അടുക്കലേക്കാണ് വീശുന്നത്. ഇത് ഇപ്പോൾ പലപ്രാവശ്യമായി ഞാൻ ശ്രദ്ധിക്കുന്നു. അച്ചൻ അവനോടു പറയണം തീർച്ചയായും അടുത്ത പ്രാവശ്യം മുതൽ അവൻ എന്റെയടുക്കൽ വരുമ്പോൾ അവിടെ നിന്ന് മൂന്നു പ്രാവശ്യം എനിക്ക് വീശിയിട്ടേ പോകാവൂ എന്ന്"

ശുശ്രൂഷക്കാരൻ വിനോദ് ഒരു നല്ല പയ്യൻ എന്നതിൽ കൂടുതലായിട്ട് കോശിയച്ചന്റെ ഏറ്റവും വലിയ സഹായിയാണ്. അച്ചന് എപ്പോഴും എല്ലാ കാര്യത്തിനും അവൻ മാത്രമേയുള്ളൂ ഒരു സഹായത്തിന്. വിശുദ്ധ കുർബ്ബാനയ്ക്ക് മുമ്പ് കൊഴച്ചു വെയ്ക്കാനും അടിച്ചു കാച്ചാനും എന്നു വേണ്ട എപ്പോഴും അച്ചന്റെ കൂടെ എവിടെ പോകാനും എന്തു കാര്യത്തിനും എപ്പോഴും അവൻ കൂടെ കാണും. അങ്ങിനെയുള്ള അവനെ പിണക്കാൻ പറ്റുകയില്ല; മറിച്ച് മറിയാമ്മയേയും. കോശിയച്ചൻ ധർമ്മസങ്കടത്തിലായി. ഇങ്ങിനെയുള്ള വിഷമാവസ്ഥ എങ്ങിനെ തരണം ചെയ്യുമെന്നതാണ് ഇപ്പോൾ നമ്മുടെ ജോസഫ് അച്ചനോട് ആരാഞ്ഞത്.

ഈരണ്ടച്ചന്മാരുംഒന്നിച്ച് ഭദ്രാസനമെത്രാച്ചനെ വിവരമറിയിച്ച് എത്രയും പെട്ടന്നു തന്നെ ഒരു കല്പന കോശിയച്ചന്റെ പള്ളിയിൽ വരുത്തിയതിനുശേഷം കോശിയച്ചൻ ആ പള്ളിയിലെ ശുശ്രൂഷക്കാരെയെല്ലാം വിളിച്ചു കൂട്ടി അവരോട് പറഞ്ഞു:

"ഇനിമുതൽ യാതൊരു കാരണവശാലും പടിഞ്ഞാറെ അറ്റംവെരെ ധൂപകുറ്റി വീശി പോകേണ്ടതില്ല; പകരം ഹൈക്കലാ മേശയുടെ മുമ്പിൽ നിന്ന് നടുക്കോട്ടും കൂടാതെ പുരുഷന്മാരുടേയും സ്ത്രീകളുടേയും അടുക്കലേക്ക് മൂന്നു പ്രാവശ്യം വീതം വീശിയിട്ട് മടങ്ങി മദ്ബഹായിലേക്ക് കയറി വന്നാൽ മതി. കൂടാതെ തുടന്നുള്ള കുറച്ച് കുർബ്ബാന ദിവസം മറിയാമ്മയ്ക്ക് ഏറ്റവും ഇഷ്ടമുള്ള ശുശ്രൂഷക്കാരെയാണ് കുർബ്ബാനയ്ക്കു കൂടാൻ അനുവദിച്ചതും.